LIBRARY ARCHIVES Kerala Legislative Assembly

108 നമ്പർ ആംബുലൻസ്

16 (595) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ "108" നമ്പറായിട്ടുള്ള ആംബുലൻസുകൾ എത്ര എണ്ണം വാങ്ങിയിട്ടുണ്ട് ; ഇവ വാങ്ങുന്നതിന് നടപടിക്രമങ്ങൾ പാലിച്ചിരുന്നോ ;

(ബി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിന് ഓരോന്നിനും എന്ത് തുക ചെലവായി ; ആകെ ചെലവ് എത്ര ; ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) അന്യ സംസ്ഥാനങ്ങളിൽ, പ്രസ്തുത ആംബുലൻസുകൾ വളരെ താഴ്ന്ന നിരക്കിലാണ് വാങ്ങിയിട്ടുള്ളതെന്ന വസ്തുത ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൂടിയ വിലയ്ക്ക് ആംബുലൻസുകൾ വാങ്ങുന്ന കാര്യത്തിൽ മുൻ വകുപ്പ് സെക്രട്ടറി ഫയലിൽ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നോ ; എങ്കിൽ അത് പരിഗണിച്ചിട്ടുണ്ടായിരുന്നോ ; അവഗണിച്ചാണ് തീരുമാനമെടുത്തതെങ്കിൽ അതിന് രേഖപ്പെടുത്തിയ കാരണം വ്യക്തമക്കുമോ ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ഇതേവരെ വാങ്ങിയ ആംബുലൻസുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് ; അവയുടെ വിതരണം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ ; ഇപ്പോഴും പ്രവർത്തനക്ഷമമാക്കാത്ത എത്രയെണ്ണമാണെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി 50 അഡ്വാൻസ്ഡഡ് ലൈഫ് സേവിംഗ് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചാണ് ഇവ വാങ്ങിയിട്ടുള്ളത്.

(ബി) പ്രസ്തുത ആംബുലൻസുകൾ വാങ്ങുന്നതിന് ഓരോന്നിനും വാഹനവില ഉൾപ്പെടെ 31.9 ലക്ഷം രൂപാവീതം ചെലവായിട്ടുണ്ട്. ആകെ. 16.94 കോടി രൂപാ ചെലവായിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് 2008-09-ൽ 1147 ലക്ഷം രൂപയും 2009-10-ൽ 1094 ലക്ഷം രൂപയും 2010-11-ൽ 700 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് ആംബുലൻസാണ് (ALS Ambulance) വാങ്ങിയത്. ഇത് അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഉപകരണങ്ങൾ ഘടിപ്പിച്ചതും ഫാബ്രിക്കേഷൻ ചെയ്തതുമാണ്.

(ഡി) സർക്കാർ ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(ഇ) വാങ്ങിയ ആംബുലൻസുകളിൽ 25 എണ്ണം തിരുവനന്തപുരം ജില്ല യിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനക്ഷമമാണ്. ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

ബാക്കിയുള്ള 25 ആംബുലൻസുകൾ ജില്ലാ ആശുപത്രികൾ, പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികൾ എന്നിവയുമായി ബന്ധപ്പെടുത്തി ഹൈവേകളിൽ ,വിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ആദിവാസി മേഖലയിലെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ്

17 (596) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ആദിവാസി മേഖലയിൽ ആദിവാസിവി ഭാഗങ്ങൾക്ക് പെട്ടെന്ന് ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുവാനായി ഒരു സഞ്ച രിക്കുന്ന മെഡിക്കൽ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ദേശീയ ആരോഗ്യ ഗ്രാമീണ പദ്ധതിയിൽപ്പെടുത്തി ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ഫോർവീൽ ഡ്രൈവിംഗ് ജീപ്പ് ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതാണ്.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

18 (598) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയി ട്ടുണ്ട് എന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ?

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly